3824
25/2/19

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ഓഖി ദുരന്തത്തിൽ ഗുരുതരമായ പരിക്കേറ്റ് ലോക്കോമോട്ടോർ പെർമനന്റ് ഡിസെബിലിറ്റിയിൽ കഴിയുന്ന തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ പൂന്തുറ സ്വദേശി ശ്രീമൈക്കിളിന് ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്

സ.ഉ.( കൈ) നം:62/ 2019 /റവ. തിരുവനന്തപുരം, തീയതി, 22.02.2019.

പരാമർശം :- തിരുവനന്തപുരം ജില്ലാ കളക്ടറുടെ 07.01.2019 ലെ നം.എ 5-ഇ-12340/09 അ.ഔ കത്ത്

ഉത്തരവ്

ഓഖി ദുരന്തത്തിൽ ഗുരുതരമായ പരിക്കേറ്റ് ലോക്കോമോട്ടോർ പെർമനന്റ് ഡിസെബിലിറ്റിയിൽ കഴിയുന്ന തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ പൂന്തുറ സ്വദേശി ശ്രീമൈക്കിളിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 10,00,000/- (പത്ത് ലക്ഷം) രൂപ അനുവദിച്ച് കൊണ്ടും പ്രസ്തുത തുകയിൽ രണ്ട് ലക്ഷം രൂപ ചികിത്സാ ചെലവിനായി നേരിട്ട് നൽകുന്നതിനും ബാക്കി എട്ട് ലക്ഷം രൂപ ശ്രീമൈക്കിളിന്റെ പേരിൽ സ്ഥിര നിക്ഷേപമായി നൽകുവാനും ഉത്തരവാകുന്നു.

ടി 10,00000/- (പത്ത് ലക്ഷം) രൂപ 2075-00-800-40 contribution of Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തുക തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ ടി തുക മേൽ പ്രതിപാദിച്ച പ്രകാരം വിതരണം നടത്തി വിവരം എത്രയും വേഗം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഡോ .വേണു.വി

പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം
തഹസിൽദാർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്,
റവന്യൂ (ഡിആർഎഫ്-ബി, സി വകുപ്പ്)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: പൊതുഭരണ (എസ്.സി) വകുപ്പ് ( 19.02.2019 -ലെ മന്ത്രിസഭായോഗ തീരുമാന ഇനം നം 2873 O A പ്രകാരം)